# പുതുമയുള്ള പരിപാടികളുമായിലോക പരിസ്ഥിതി ദിനാഘോഷം

തിരു:2017 ജൂൺ 5 ന് ലോക പരിസ്ഥിദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മനുഷ്യനെ പ്രകൃതിയുമായി അടുപ്പിക്കുന്നതിനായി ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചു. എസ്.ബി.ഐയും കേരളസർക്കാരിന്റെ ഹരിതകേരളം മിഷനും സംയുക്തമായി ചേർന്ന് കുട്ടികൾക്ക് മഷിപ്പേന വിതരണം ചെ യ്തു. ബഹു:മേയർ വി.കെ.പ്രശാന്തും ഭാരതീയസ്റ്റേറ്റ് ബാങ്ക് ജനറൽ മാനേജർശ്രീ എസ് വെങ്കട്ടരാമനും ചേർന്ന്ചടങ്ങ് ഉദ്ഘാടനം ചെയ്തു.ലോകപരിസ്ഥിതി സംരക്ഷണ സന്ദേശം മേയർ നല്കുകയുണ്ടായി. തിരുവനന്ത നഗരസഭയുടെ മാതൃകാവിദ്യാലയമായ കോട്ടൺഹിൽ ഹയർസെക്കണ്ടറിസ്കൂളിൽ നടത്തിയ ഈപദ്ധതി മറ്റു സ്കൂളുകളിലേ വ്യാപിപ്പിക്കുമെന്ന് മേയർ സൂചിപ്പിച്ചു .ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് അധ്യക്ഷതവഹിച്ചു.




# ദേശസ്നേഹം നിറച്ച് സ്വാതന്ത്ര്യ ദിനാഘോഷം



തിരു: തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർസെക്കണ്ടറിസ്കൂൾ രാജ്യസ്നേഹത്തിന്റെ നിറവിൽഎഴുപത്തിഒന്നാംസ്വാതന്ത്ര്യ ദിനം വിപുലമായി ആഘോഷിച്ചു ആഗസ്റ്റ് പതിനഞ്ചിനു രാവിലെ എട്ടു മുപ്പതിന് ഹയർസെക്കണ്ടറി പ്രിൻസിപ്പൽ ഷീജടീച്ചർ പതാക ഉയർത്തി . തുടർന്ന് പരിപാടിയിൽ പങ്കെടുക്കാനെത്തിയ വിദ്യാർത്ഥിനികളെയുംഅദ്ധ്യാപക രെയും മറ്റുള്ളവരെയും സ്വാഗതംചെയ്തു.സ്കൂളധികാരികളുംപിടിഎ ഭാരവാഹികളും സ്വാതന്ത്ര്യ ദിനസന്ദേശം നല്കി .വർണശബളമായ ഘോഷയാത്ര യ്ക്ക് ശേഷം നടന്ന പരിപാടി വാസുകി ഐ എ എസ് ഉദ്ഘാടനം ചെയ്തു .ചടങ്ങിൽ 92.7 ബിഗ് എഫ്. എം ന്റെആർ.ജെമാർഫിറോസും ആൻസിയും സംസാരിച്ചു .

## ഹൈടെക് ആയി ക്ലാസ് മുറികൾ



തിരു:കേരളസർക്കാരിന്റെപൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായിതിരുവനന്തപുരംകോട്ടൺ ഹിൽ സ്കൂളിലെ45 ക്ലാസ് മുറികൾഹൈടെക്ആയി.ലാപ്ടോപ്പ്,മൾട്ടിമീഡിയപ്രൊജക്ടർ ശബ്ദസംവിധാനംഹൈസ്പീഡ് ഇൻറർനെറ്റ്കണക്ഷൻഎന്നിവയാണ് ഓരോ ക്ലാസ്സിലും ലഭ്യമാക്കിയിരിക്കുന്നത് .

## വായന ദിനാചരണം

തിരു : തിരുവനന്തപുരം കോട്ടൺഹിൽസ്കൂളിൽവായനദിനംസമുചിതമായിആചരിച്ചു.സത്യൻസ്മാരകഅവാർഡ് ജേതാവ് ശ്രീ ഹരീഷ്ചന്ദ്രബാബുകാട്ടാക്കടയായിരുന്നു മുഖ്യാതിഥിപ്രിൻസിപ്പൽ ഹെഡ്മിസ്ട്രസ് അ ദ്ധ്യക്ഷത വഹിച്ചചടങ്ങിൽഗ പൊതു വായന സംഘടിപ്പിച്ചു.ക്ലബ്ബുകളുടെആഭിമുഖ്യത്തിൽവിപുലമായപരിപാടികളാണ്ഒരുക്കിയിരുന്നത.എച്ച്&സിസ്കൂളിൽ പുസ്തകങ്ങളുടെ പ്രദർശ ർ വ്വംവില്പനയുംസംഘടിപ്പിച്ചു വായനദിനത്തിൽകേരളസർക്കാർ ടാഗോർ തിയേറ്ററിൽ നടത്തിയ പരിപാടിയിലും കോട്ടൺ ഹില്ലിലെകുട്ടികൾ പങ്കെടുത്തു

## പുതിയ മന്ദിരം പൂർത്തിയാകുന്നു



തിരു : തിരുവനന്തപുരം കോട്ടൺ ഹില്ലിൽ ശ്രീ എ കെ ആന്റണിയുടെ എം പി ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന ഇരുനിലമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്കു കടന്നു .ആറു ക്ലാസ്സുറികളാണ്ഇവിടെയുള്ളത് നവംബറിൽ ഉദ്ഘാടനംനടത്താനാകുമെന്നാണ് പ്രതീക്ഷ

## ചികിത്സാ ധനസഹായം

തിര:വഴുതയ്ക്കാട്കോട്ടൺഹിൽ സ്കൂളിൽ11-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരുകുട്ടിയുടെവൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായിസ്കൂൾ കുട്ടികളുംഅധ്യാപകരും ചേർന്ന്2.5 ലക്ഷത്തോളംരൂപചികിത്സാധന സഹായമായി നൽകി. ചടങ്ങിൽപിടിഎപ്രസിഡന്റ് ശ്രീ.പ്രദീപ്കുമാർ അധ്യക്ഷതവഹിക്കുകയുംക്ലാസ്ടീച്ചർപ്രിൻസിപ്പൽപ്രിൻസിപ്പൽഎച്ച്. എം. അഡീ.എച്ച്.എം എന്നിവരിൽ നിന്ന് തുക കൈപ്പറ്റുകയും ചെയ്തു.